# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കോളയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി 4/1731/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോളയാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി 4/1731/2024

തീയ്യതി: 13/12/2024

## കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-12-2023 മുതൽ 02-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജ്യോതിഷ് കുമാർ സി.വി. | ഡെപ്യൂട്ടി ഡയരക്ടർ | 04-11-2024 | 12-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2024 | 12-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ വിനീത് കുമാർ കെ.പി., ഓഡിറ്റ് ഓഫീസർ
ശ്രീ ഷിജു എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീജ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശാലിനി പി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി നിഖില എ.എം., ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റിജി എം. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി പ്രീത ചെറുവളത്ത് | സെക്രട്ടറി | 01-04-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രിയ പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 11-07-2023 |

| | | | |
|---|---|---|---|
| ശ്രീ വിഷ്ണു ബി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 12-07-2023 | 30-09-2023 |
| ശ്രീമതി അനശ്വര എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2023 | 31-03-2024 |
| ശ്രീ കെ.ജി. സുനിൽ | കൃഷിഓഫീസർ | 01-04-2023 | 07-11-2023 |
| ശ്രീമതി ജിസ്ന ജോർജ്ജ് | കൃഷിഓഫീസർ | 08-11-2023 | 31-03-2024 |
| ഡോ.ഷഫാഫ് അബ്ദുൾ കരീം | മെഡിക്കൽ ഓഫീസർ(ഫാമിലി ഹെൽത്ത് സെന്റർ) | 01-04-2023 | 31-03-2024 |
| ഡോ.രേഷ്മ പി.ടി. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2023 | 16-02-2024 |
| ഡോ.ശ്രീഭ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 17-02-2024 | 31-03-2024 |
| ഡോ.വിനീത് | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി സോണി പി.ജെ. | ICDS സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ദീപ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 03-05-2023 |
| ശ്രീ ബിനുരാജ് പി. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 04-05-2023 | 31-03-2024 |
| ശ്രീ ടി.കെ.രജീഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി രാജശ്രീ വാഴയിൽ | വി.ഇ.ഒ.(കോളയാട്) | 01-04-2023 | 31-07-2023 |
| ശ്രീ വിപിൻദാസ്.വി. | വി.ഇ.ഒ (കോളയാട്)-ഇൻ-ചാർജ് | 01-08-2023 | 31-08-2023 |
| ശ്രീ ശ്രീജിത്ത് ഒ. | വി.ഇ.ഒ.(കോളയാട്) | 01-09-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ വിപിൻദാസ്.വി. | വി.ഇ.ഒ (വേക്കളം) | 01-04-2023 | 31-03-2024 |
| ശ്രീ രാജേഷ് എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 05-07-2023 |
| ശ്രീ രാജീവൻ കൊല്ലനാണ്ടി (ഹെഡ്ക്ലാർക്ക്) | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2023 | 20-08-2023 |
| ശ്രീ ഇബ്രാഹിം കെ.സി. | അസിസ്റ്റന്റ് സെക്രട്ടറി | 21-08-2023 | 31-03-2024 |
| ശ്രീമതി ഗീത പി.സി | ഹെഡ്മാസ്റ്റർ-ഇൻ-ചാർജ്ജ് | 01-04-2023 | 31-05-2023 |
| ശ്രീ ചന്ദ്രൻ ആയോടൻ | ഹെഡ്മാസ്റ്റർ | 01-06-2023 | 31-03-2024 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം | 1-1-1 |
| 3 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും വാഹനത്തിന്റെയും മൂല്യം ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ചെലവഴിച്ച തുക ബാധ്യതയായി രേഖപ്പെടുത്തി | 1-1-3 |
| 5 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-8 |
| 10 | നിലവിലില്ലാത്ത അക്കൗണ്ടിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തി | 1-1-9 |
| 11 | ചെക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-1-10 |
| 12 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-11 |
| 13 | അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. | 1-1-12 |
| 14 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-13 |

| | | |
|---|---|---|
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-14 |
| 16 | രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കലക്ഷൻ എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. | 1-1-16 |
| 18 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തീകവിശകലനം | 1-3 |
| 21 | ഫണ്ട് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി | 1-6 |
| 24 | ക്ഷേമപദ്ധതികൾ | 1-7 |
| 25 | ക്യാഷ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 27 | ഗ്രാമസഭ | 1-10 |
| 28 | വസ്തു നികുതി പരിഷ്കരണം- നടപടിക്രമങ്ങളിലെ കാലതാമസം വരുമാനനഷ്ടത്തിനിടയാക്കുന്നു. | 1-11 |
| 29 | വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയതിലെ അപാകങ്ങൾ | 1-12 |
| 30 | വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല | 1-13 |
| 31 | വസ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ മേഖല വ്യത്യസ്തമായതിനാൽ നികുതിയിനത്തിൽ കുറവ് സംഭവിക്കുന്നു. | 1-14 |
| 32 | എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 33 | സ്മാർട്ട് ഐ-ഫേസ് 2 - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹177000 | 1-16 |

| | | |
|---|---|---|
| | യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 34 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-17 |
| 35 | ഐ കെ എം ന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹1002355 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 36 | സ്ത്രീ പദവി പഠനം-തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 1-19 |
| 37 | ജെന്റർ റിസോർസ് സെന്ററിന് അധിക തുക ചെലവഴിച്ചു. | 1-20 |
| 38 | മെൻസ്ട്രുവൽ കപ്പ് മുഴുവനായും വിതരണം ചെയ്തില്ല. ₹58198 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 39 | തുടർ സാക്ഷരത പ്രവർത്തനങ്ങൾ -രേഖകൾ ലഭ്യമാക്കിയില്ല. ₹ 13000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 40 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല ₹88800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 41 | മുറ്റത്തൊരു മീൻതോട്ടം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-24 |
| 42 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികളുടെ വരവു ചെലവു കണക്കുകൾ ലഭ്യമാക്കിയിട്ടില്ല | 1-25 |
| 43 | വെറ്റിനറി ഡിസ്പെൻസറിയിലേക്കു മരുന്ന് വാങ്ങൽ - അപാകങ്ങൾ | 1-26 |
| 44 | ലൈഫ് ഭവനനിർമ്മാണം-പാതി വഴിയിൽ തടസ്സപ്പെട്ടു | 1-27 |
| 45 | പൊതുമരാമത്തു പ്രവർത്തി - അപാകങ്ങൾ | 1-28 |
| 46 | അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിലേക്കു വാഹനം വാടകക്ക് എടുക്കൽ അപാകങ്ങൾ-₹245000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |

| | | |
|---|---|---|
| 47 | ഇടയാർ സബ്സെന്ററർ നവീകരണം അപാകങ്ങൾ | 1-30 |
| 48 | മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ- ഒരു അവലോകനം | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്ററെ വിവരം | 4-1 |
| 2 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യപത്രികകൾ | |

# ഭാഗം –1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അം ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനി പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കോളയാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ തീയതിയിലെ 198/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2024 തീയതിയിൽ, പി ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോളയാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2024 ൽ അ വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്യ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാ ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. ന പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉ എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളു വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 ന വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും ന നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ട്

കേരള സംസ്ഥാന ഓ

ജില്ലാ ഓഡിറ്റ് കാര്യാല

കണ്ണൂർ,
13-12-2024.

## 1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം

ഇൻകം ഏന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക (₹-20883317) യഥാർത്ഥ (₹-20843723) യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (N കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 163399522 |
| ആകെ ചെലവ് (B) | | 184263042 |
| മിച്ചം തുക C= A-B | | -20863520 |
| Prior Period Income -I-19 | 28897 | |
| Prior Period Expenditure I-18 | 9100 | |
| Net Difference Between Prior Period Income And Expenses I-19-I-18 (D) | | 19797 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -20843723 |

യഥാർത്ഥ മിച്ച തുകയായ ₹-20843723 യാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്

## 1-1-2 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും വാഹനത്തിന്റെയും മൂല്യം ആസ്തി രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ ബി.11 ഷെഡ്യൂളിൽ അ രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ ആസ്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എ ഇനത്തിൽ ഡിപ്രിസിയേഷൻ തുകയായി ബി11- എ ഷെഡ്യൂളിൽ ₹ 52124 രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-3 ചെലവഴിച്ച തുക ബാധ്യതയായി രേഖപ്പെടുത്തി

1.വി. ഇ ഒ നിർവ്വഹണം നടത്തിയ വിവിധ ഭവനപദ്ധതികൾക്കായി ( പി എം എ വൈ വിഹിതം നൽകര ) സുലേഖ ചെലവ് പത്രിക പ്രകാരം രേഖപ്പെടുത്തിയ ആകെ ചെലവ് 44869656 രൂപയാണ്. എന്നാൽ Expenditure Statement ലെ I-14(A) ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ രേഖപ്പെടുത്തിയ ആകെ ചെലവ് രൂപയാണ്. 1300000 രൂപയുടെ വ്യത്യാസമുണ്ട്. പ്രൊജക്ട് നമ്പർ 144/24 പ്രകാരം ലൈഫ് മിഷൻ വിഹിതമിനത്തിൽ 2023-24 വർഷം ആകെ ₹6000000 ചെലവഴിച്ചിട്ടുണ്ടെങ്കിലും ₹4700000 സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ₹1300000 Rural Housing - Housing For All എന്ന ശീർ ബാധ്യതയിൽ നിന്നും കുറവ് ചെയ്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി 4 ഷെഡ്യൂളിൽ ₹13 അധിക ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്.

2. 2022-23 വാർഷിക ധനകാര്യ പത്രിക യിലെ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിലെ National Rural He എന്ന ശീർഷകത്തിൽ 4240 രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം ലഭിച്ച

ഗ്രാന്റിനത്തിലെ പലിശ വരവാണ് National Health Mission എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടു
വർഷം Health Grant Towards Support For Diagnostic Infrastructure To The PHCs എന്ന ശീർഷകത
രൂപയും Health Grant Towards Building Subcentres. PHCs And CHCs എന്ന ശീർഷകത്തിൽ 1543 രൂപ
2697+1543=4240) 2022-23 വർഷത്തെ പലിശ വരവായി ചേർത്തിട്ടുണ്ട്. എന്നാൽ ബാലൻസ് ഷ
ഷെഡ്യൂളിൽ National Rural Health Mission എന്ന ശീർഷകത്തിൽ തൻവർഷവും 4240 രൂപ ബാ
ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നി

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹7741437) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക
(₹7402631) പൊരുത്തപ്പെടുന്നില്ല.

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മ നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivale
രേഖപ്പെടുത്തിയിരിക്കുന്നത് ₹7970719 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ
Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-2825
അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടത
പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ് ) പ്രകാരം വാർഷിക ധനം
പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ
ഭാഗമാക്കിയിട്ടില്ല.
2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക
പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-7 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക
പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ
തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ,
ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ
ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-9 നിലവിലില്ലാത്ത അക്കൗണ്ടിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തി

വാർഷിക ധനകാര്യ പത്രികയിലെ ബി -17, ആർ പി 40-ബി ഷെഡ്യൂളുകൾ പ്രകാരം Nationalized Bank
Revenue Fund എന്ന ശീർഷകത്തിൽ -300000 രൂപയും Co-Operative Bank Account Of Own Rev

ശീർഷകത്തിൽ 300000 രൂപയും നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു നിലവിലില്ല. ILGMS Software ൽ Default ആയി ഇപ്രകാരം നിലവിലില്ലാത്ത അക്കൗണ്ടിൽ ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-10 ചെക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടില്ല

കോളയാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (അക്കൗണ്ട് നം 020111000216), തനത് ഫണ്ട് അം ബാങ്ക് റീകണസിലിയേഷൻ പത്രിക പരിശോധിച്ചതിൽ വൗച്ചർ നം 1230100852/5-8-23 പ്രകാരം വര 10883 രൂപയുടെ ചെക്ക് ക്രഡിറ്റ് ചെയ്യാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുക നാളിതുവരെയായു ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല.

## 1-1-11 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റ് വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെ ഉദാഹരണം: വസ്തു നികുതി, കെട്ടിട വാടക എന്നിവ സാമ്പത്തിക വർഷാവസാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-12 അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം ₹6001463 ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടു Advance To Others, Advance To Gramalakshmi Mudralayam, Advance To Community Development So ശീർഷകങ്ങളിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് മുൻ വർഷങ്ങളിൽ തുകയാണ്. Advance To Implementing Officers എന്ന ശീർഷകത്തിൽ ക്രമീകരിക്കാൻ ബാക്കി രേഖപ്പെടുത്തിയിട്ടുള്ള ₹1120244 യിൽ ₹626244 മുൻ വർഷങ്ങളിൽ അനുവദിച്ച തുകയാണ്. അഡ്വ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

## 1-1-13 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേ ലഭ്യമാക്കിയിട്ടില്ല

ബി-11(B) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഹെഡിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് (₹ തൻവർഷവും രേഖപ്പെടുത്തിയിട്ടുള്ളത്. തുകയുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാരിന്റെ 26.07.2011-ലെ ജി.ഒ(എം.എസ്) 152/2011/തസ്വഭവ ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-1-15 രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കലക്ഷൻ എന്നിവ വാർഷിക ധനകാര്യപത്രിക പ്ര തുകയുമായി പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത നികുതി, നികുതിയേതര ഇനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കലക്ഷൻ എന്നിവ ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം | |
|---|---|---|---|---|
| | ഡിമാന്റ് (₹) | കലക്ഷൻ (₹) | ഡിമാന്റ് (₹) | കലക്ഷൻ (₹) |
| തൊഴിൽ നികുതി ട്രേഡേഴ്സ് | 268010 | 268010 | 268910 | 268910 |
| പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് | 200 | 200 | 250 | 250 |

## 1-1-16 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ തൻ വർഷം ലഭിച്ചതും തിരികെ നൽകിയതുമായ ഡെപ്പോസിറ്റ് തുകകളുടെ ചേർത്തിട്ടില്ല. സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ ₹1868328 യുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 1-1-17 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ചുവടെ ചേർത്ത രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. അഡ്വാൻസ് രജിസ്റ്റർ

2. ലോൺ രജിസ്റ്റർ

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4-ൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോ കൺട്രോൾ രജിസ്റ്റർ

## 1-2 ബജറ്റ്

കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | 2023-24 | |
|---|---|---|
| | ബജറ്റ് | പുതുക്കിയ ബജറ്റ് |
| ഭരണസമിതി തീരുമാനം നമ്പർ / തീയ്യതി | 120/23<br>23-03-2023 | 1/24<br>31-01-2024 |
| മുന്നിരിപ്പ് | 10463141 | 6828823 |
| വരവ് | 285761000 | 284831854 |
| ആകെ | 296224141 | 291660677 |
| ചെലവ് | 289426217 | 284862753 |
| നീക്കിയിരിപ്പ് | 6797924 | 6797924 |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,25,46,302 |
| വരവ് | 7,65,17,149 |
| ആകെ | 9,90,63,451 |
| ചെലവ് | 6,85,46,430 |
| നീക്കിയിരിപ്പ് | 3,05,17,021 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | ₹16,84,353 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ[illegible] സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവിനങ്ങൾ ഉൾപ്പെടുന്നില്ല. അതുകൊണ്ട് ത[illegible] കണക്കുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 19172000 | 19172000 | 16248031 | 2923969 |
| വികസന ഫണ്ട് എസ്.സി.പി | 0 | 631000 | 631000 | 631000 | 0 |
| വികസന ഫണ്ട് ടി എസ് പി | 0 | 9742000 | 9742000 | 8838288 | 903712 |
| മെയിന്റനൻസ് റോഡ് | 0 | 8206000 | 8206000 | 6896258 | 1309742 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 4864600 | 4864600 | 3386492 | 1478108 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 5184679 | 2381000 | 7565679 | 2475099 | 5090580 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Basic) | 266005 | 3340419 | 3606424 | 1294373 | 2312051 |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 586150 | 586150 | 586150 | 0 |
| അംഗൻവാടി പോഷകാഹാരം | 2014105 | 1821563 | 3835668 | 699095 | 3136573 |

| | | | | | |
|---|---|---|---|---|---|
| എം ജി എൻ ആർ ഇ ജി എസ് | 11346 | 48092639 | 48103985 | 48103985 | 0 |
| TSC Fund | 256800 | 0 | 256800 | 43000 | 213800 |
| BRG ഫണ്ട് | 62929 | 0 | 62929 | 0 | 62929 |
| സാക്ഷരത | 2096 | 11543 | 13639 | 11450 | 2189 |
| ശുചിത്വ മിഷൻ ഫണ്ട് | 1100 | 298112 | 299212 | 298346 | 866 |
| ഖരമാലിന്യ നിർമാജ്ജന ഫണ്ട് | 54435 | 0 | 54435 | 0 | 54435 |
| ലൈഫ് മിഷൻ | 0 | 18880450 | 18880450 | 18830000 | 50450 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 193768 | 0 | 193768 | 0 | 193768 |
| കേരളോത്സവം | 20189 | 0 | 20189 | 0 | 20189 |
| നിർമ്മൽ പുരസ്കാർ | 1038160 | 51031 | 1089191 | 148850 | 940341 |
| നബാർഡ് | 287667 | 0 | 287667 | 0 | 287667 |
| മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് | 378061 | 0 | 378061 | 0 | 378061 |
| ഹെൽത്ത് ഗ്രാന്റ് ച(വെൽനസ്സ് സെന്റർ) | 1543 | 345163 | 346706 | 336677 | 10029 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക് സെന്റർ) | 4145 | 804438 | 808583 | 315002 | 493581 |
| ഗ്രാന്റ്സ്, ഫണ്ട്സ്& കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ് (അദർ പർപസ്) | 822998 | 7965 | 830963 | 0 | 830963 |
| ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ്-അദർ ഗവണ്മെന്റ് ഏജൻസീസ് | 1054886 | 567250 | 1622136 | 438290 | 1183846 |
| ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ് ക്യാപിറ്റൽ | 15510 | 0 | 15510 | 0 | 15510 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം | പൂർത്തീകര പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 215 | 209438890 | 135 | 84783614 | 26 | 80 | 109 | 50.70 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെല ശതമാ |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 51 | 31 | 19142045 | 9321547 | 48.7 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 2 | 3702200 | 1293427 | 34.9 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 90 | 41 | 38966272 | 11876422 | 30.4 |
| 4 | കൃഷി ഓഫീസർ | 6 | 6 | 2460385 | 2450545 | 99.6 |
| 5 | വി.ഇ.ഒ. (കോളയാട്) | 10 | 8 | 119503412 | 44869656 | 37.5 |
| 6 | വി.ഇ.ഒ. (വേക്കളം) | 10 | 8 | 7906700 | 1039410 | 13.14 |
| 7 | മെഡിക്കൽ ഓഫീസർ FHC | 13 | 12 | 4330505 | 3644227 | 84.1 |
| 8 | മെഡിക്കൽ ഓഫീസർGAD | 2 | 2 | 900000 | 900000 | 100 |
| 9 | വെറ്റിനറി സർജൻ | 7 | 6 | 3081800 | 1642675 | 53.3 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 6160317 | 5412205 | 87.8 |
| 11 | ഹെഡ് മാസ്റ്റർ | 10 | 8 | 2065254 | 1214222 | 58.7 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 799278 | 88.8 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 320000 | 320000 | 100 |
| | ആകെ | 215 | 135 | 209438890 | 84783614 | 40.4 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11346 | 2388836 | 2400182 | 2400182 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | 45703803 | 45703803 | 45703803 | 0 |
| ആകെ | 11346 | 48092639 | 48103985 | 48103985 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 206300 | 179 |
| തൊഴിൽ രഹിത വേതനം | 0 | 0 |
| വിധവാ പെൻഷൻ | 9156100 | 888 |
| വാർദ്ധക്യകാല പെൻഷൻ | 19309600 | 1951 |
| വികലാംഗ പെൻഷൻ | 2697400 | 245 |
| അവിവാഹിത പെൻഷൻ | 1187200 | 113 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പ 06.11.2024 ന് ഉച്ചക്ക് ശേഷം 2.46 PM മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന നടത്തുകയുണ്ടായി. പരിശോധനയിൽ 1405 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാ ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്ന മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, ഫ്രണ്ട് ഒ പ്രവർത്തനം എന്നിവ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും 2023-24 വർഷം ഗ്രാമസഭകൾ നാലോ അഞ്ചോ തവണയാ ചേർന്നിട്ടുണ്ട്. 2022-23 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്ക വാർഷിക പദ്ധതി രൂപീകരണം, 2023-24 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗ എം.ജി.എൻ.ആർ.ഇ.ജി.എസ് വാർഷിക കർമ്മപദ്ധതി അംഗീകരിക്കൽ, ഗുണഭോക്തൃലിസ്റ്റ് മാലിന്യമുക്തകേരളം, സാമൂഹ്യസുരക്ഷാപെൻഷൻ അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെ മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണം- നടപടിക്രമങ്ങളിലെ കാലതാമസം വരുമാനനഷ്ടത്തിനിട

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികു നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിന പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ട ഫീൽഡ് പരിശോധന പോലു ആരംഭിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് നഷ്ടത്തിനിടയാക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നം മറുപടിയിൽ കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തുന്നതിന് സിവിൽ എൻജിനീയറിങ് ഡിപ്ലോമ/ ഡ്രാഫ്റ്റ്സ്മാൻ, സർവേയർ എന്നിവയിൽ കുറയാത്ത ഉദ്യോഗാർഥികളുടെ അപേക്ഷയിൽ നിന്നും തെരഞ്ഞെടുത്തുവെന്നും പക്ഷെ സർക്കാർ നിശ്ചയിച്ച നിരക്കിൽ (ഒരു കെട്ടിടത്തിന് 30/- രൂപ) പ്രസ്തു ചെയ്യാൻ ആരും തന്നെ തയ്യാറാവാത്ത അവസ്ഥയാണുണ്ടായതെന്നും ഇത്തരത്തിൽ ഉദ്യോഗാർത്ഥികളു കാരണം ഫീൽഡ് പരിശോധന ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഫീൽഡുതല പ നടത്താൻ യോഗ്യരായവരെ ലഭ്യമാകാത്ത സാഹചര്യം ഭരണസമിതി ചർച്ച ചെയ്ത് സ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന പൂർത്തീകരി സഞ്ചയയിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിച്ച് വരു ഒഴിവാക്കാവുന്നതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം സഞ്ചയ വെയറിൽ രേഖപ്പെടുത്തിയതിലെ അപാകങ്ങൾ

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23 (എസ് ആർ ഒ നമ്പർ 479/2023) പ്രകാരം വ്യത്യസ്ത കെട്ടി ഉപവിഭാഗങ്ങളുടെയും വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിര കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) :300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ):300 ച.മീ മുകളിലുള്ളവ | 8 | 12 |

മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കോളയാട് ഗ്രാമപഞ്ചായത്ത് 21.08.2023 തീയത് 3/3023/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമ നമ്പർ 1,2 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം ₹7, ₹10 എന്നിങ്ങനെയാണ് നിശ്ചd എന്നാൽ 2023-24 കാലയളവിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ ഉപവിഭാഗങ്ങളിൽപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്ന

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം | ഈടാക്കേണ്ട വസ്തു നികുതി നിരക്ക് (₹) | സഞ്ചയ പ്രകാരം ഈടാക്കിc വസ്തു നികുതി നിരക്ക് (₹ |
|---|---|---|---|---|---|---|
| 9/415 | വടക്കൻ തുരുത്തേൽ ജയൻ | 139 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 7 | 5 |
| 11/361 D E F G H I J K | സമീർ. കെ | 402.75 | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന | 10 | 7 |

| | | | | | | |
|---|---|---|---|---|---|---|
| | | | പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. മുകളിൽ | | |
| 5/82 C | ബിന്ദു ബേബി | 72.25 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 7 | 5 |
| 8/262 B | സി പി ചന്ദ്രൻ | 67.86 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 7 | 5 |
| 12/330B | സനിൽ ടി കെ | 43.71 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് | 7 | 5 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നൽകുന്നത്) 300 ച.മീ.വരെയുള്ളവ | | |
| 9/367 | ചമ്പളോൻ നിർമ്മലൻ | 182 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | 7 | 5 |
| 7/393 A | ബീന ഇ | 83.767 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 7 | 5 |
| 9/120 | ആയോടൻ മറിയക്കുട്ടി | 94 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 7 | 5 |
| 1/319 A | ചോയൻ കുഞ്ഞികൃഷ്ണൻ | 59.61 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് | 7 | 5 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | | |
| 6/5 | ഏറെത്തേടത്ത് വിനോദ് ജേക്കബ്ബ് | 206.54 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 7 | 5 |

ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങ ഉപവിഭാഗങ്ങളിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. കെട്ടിടങ്ങളുടെ സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ചും ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട കെ വിവരം സഞ്ചയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ലഭ്യമാകാത്തത് സംബന്ധിച്ചും നല്കിയ ഓഡിറ്റ് എ (21/08.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. 01-04-2023 തീയതി മുതൽ പുതുതായി നിർമ്മിച്ച മുഴുവൻ കെട്ടി അസ്സസ്സ്മെന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടു പരിശോധിക്കേണ്ടതും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. പുതിയ കെ നികുതി അസ്സസ്സ്മെന്റ് നടത്തുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും നികുതി ശോഷണം ഒഴിവാക്കേണ്ട

## <u>1-13 വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല</u>

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (20 ആക്ട്) 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗ കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാന 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിര ഈടാക്കേണ്ടതുണ്ട് (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെ

അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ തൊഴിൽ നികുര രജിസ്റ്ററും ഐ എൽ ജി എം എസ് പ്രകാരമുള്ള ചിട്ട രജിസ്റ്ററും പരിശോധിച്ചതിൽ കോളയാട് ഗ്രാമ പ തൊഴിൽ നികുതിയിനത്തിൽ ഒരു അർദ്ധവർഷം നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതി ശതമാനം നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല. ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കാ സെപ്തംബർ 1 മുതലും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കാതിരുന്നാൽ മാർച്ച് 1 ഈടാക്കേണ്ടതുണ്ട്. (സർക്കുലർ നമ്പർ 51457/എൻ.1/തഭവ/24.8.2000 കാണുക). സാമ്പത്തികവർഷത്തിൽ തൊഴിൽ നികുതി വൈകി അടവാക്കിയതിന് കുറഞ്ഞ നിരക്കിൽ പിഴ ഈ സംബന്ധിച്ച് 22/08-11-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിരക്കിലുള്ള പിഴ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി വൈകി അടവാക്ക് നികുതിദായകരിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>1-14 വസ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ മേഖല വ്യത്യസ്തമായതി നികുതിയിനത്തിൽ കുറവ് സംഭവിക്കുന്നു.</u>

കെട്ടിടങ്ങളുടെ മേഖല തരംതിരിവ് സംബന്ധിച്ച കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 21/08/23 ലെ SC നമ്പർ വിജ്ഞാപന പ്രകാരം 4,5 വാർഡിൽ ഉൾപ്പെടുന്ന പള്ളിപ്പാലം വായന്നൂർ വേക്കളം റോഡ് **പ്രഥമ** ഉൾപ്പെടുന്നതാണ്. സോഫ്റ്റ് വെയർ അപ്ലിക്കേഷനിലെ വിവരങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടം **ദ്വിതീയ** ആണ് സ്ഥിതി ചെയ്യുന്നത്. താഴെ ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെടുന്നവരുടെ സഞ്ചയ സോ അപ്ലിക്കേഷനിൽ രേഖപ്പെടുത്തിയ മേഖല സംബന്ധിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ | ഉപയോഗക്രമം | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | റോഡിന്റെ തരം |
|---|---|---|---|---|---|
| കുരാറ പുഷ്പവല്ലി | 4/8 A | പാർപ്പിടം | ദ്വിതീയം | പള്ളിപ്പാലം വായന്നൂർ വേക്കളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ളത് |
| കളത്തുംകണ്ടിമുരിക്കോളി ജിതേഷ് | 4/109 B | പാർപ്പിടം | ദ്വിതീയം | പള്ളിപ്പാലം വായന്നൂർ വേക്കളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ളത് |
| കെ.പി അനൂപ് കുമാർ | 4/179 A | പാർപ്പിടം | ദ്വിതീയം | പള്ളിപ്പാലം വായന്നൂർ വേക്കളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ളത് |
| അഭിലാഷ് രാധാകൃഷ്ണൻ | 4/187/A | പാർപ്പിടം | ദ്വിതീയം | പള്ളിപ്പാലം വായന്നൂർ | 5 മീറ്ററോ അതിൽ |

| | | | | | |
|---|---|---|---|---|---|
| | | | | വേക്കളം റോഡ് | കൂടുതലോ വീതിയുള്ളത് |
| അഭിലാഷ് രാധാകൃഷ്ണൻ | 4/187/B, C | വ്യവസായത്തിനാവശ്യമുള്ളവ | ദ്വിതീയം | പള്ളിപ്പാലം വായന്നൂർ വേക്കളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ളത് |

മേൽ കെട്ടിടങ്ങളുടെ മേഖലാ വിഭജനം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് നൽകിയ ഓഡിറ്റ് എ (എൻക്വയറി നം.29/11.11.24) നൽകിയ മറുപടിയിൽ, നാല് അഞ്ച് വാർഡുകളിൽ മേഖല രേഖപ്പെടു പിശക് സംഭവിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ച് നികുതി റിവൈസ് ചെയ്യുന്നതിനുള്ള സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ മേൽ കെട്ടിടങ്ങളെ ദ്വിതീയ മേഖലയ്ക്ക് നൽകുന്ന ഇളവ് അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. കെട്ടിടത്തിന പരിശോധന നടത്തി സഞ്ചയയിൽ ഫീൽഡ് പ്യൂരിഫിക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് മേഖലാ വിഭജനം വരുത്തേണ്ടതും നികുതി നിർണ്ണയത്തിലെ അപാകം പരിഹരിക്കേണ്ടതുമാണ്. പുതിയ കെട്ടിടങ്ങള വിഭജനം നിർണ്ണയിക്കുമ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-15 എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 209/24 എ.ബി.സി പദ്ധതി |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹100000 ബിൽ നം : 73/8-09-23 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ ജി.ഒ(ആർ.ടി) 2065/2022/തദ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണ ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹100 ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പ്രവർത്തനങ്ങൾ സം വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് 10/7-11-24 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോടൊപ്പം പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹10 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 സ്മാർട്ട് ഐ-ഫേസ് 2 - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹177000 യുടെ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 115/24 സ്മാർട്ട് ഐ-ഫേസ് 2 പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ |
| അടങ്കൽ | ₹600000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹120000 വൗച്ചർ നമ്പർ :XVFC/2023-4/P/54 , 1-9-23<br>₹57000 വൗച്ചർ നമ്പർ :XVFC/2023-4/P/55 , 19-9-23<br>ആകെ-₹177000 |

പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സിസി ടിവി സ്ഥാപ മുന്നോടിയായി ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവ്വർ ഒപ്റ്റിമൈസർ ഉൾ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം തൻ വർഷം കണ്ണൂർ ജില്ലാപ ₹177000 നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ, പ്രസ്തുത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 14/7-11-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ഒരു സി.സി. ടി.വി സ്ഥാപിച്ചിട്ടുണ്ടെന്നും മ ക്യാമറ സ്ഥാപിക്കുന്നതിനായി 2024-25 വർഷത്തേക്ക് പ്രൊജക്ട് സ്പിൽ ഓവറാ വകയിരുത്തിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹17 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല.

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വി ഗ്രാമപഞ്ചായത്ത് 2023-24 വർഷം വൈദ്യുതി ചാർജായി ₹217330 ഒടുക്കിയിട്ടുണ്ട്. വൈദ്യുതി ഉപഭേ അടിസ്ഥാനത്തിലല്ല, മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ ത എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമ പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകൾ സംവിധാനത്തിലേക്ക് മാറ്റണമെന്ന് 2013 മുതൽ നിർദേശമുണ്ടെങ്കിലും നാളിതുവരെ ഗ്രാമപഞ്ചായത്തി വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറ്റിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് കെ എസ് ഇ ചേർന്ന് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട്, കെ എസ് ഇ ബി തെരുവ് വിളക്കുകൾക്കുള നിർണ്ണയം നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച 24/8-11-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പ നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സംയുക്ത പരിശോധന പൂർ വൈദ്യുത ചാർജ്ജിനത്തിൽ അധികം തുക അടവാക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തെരുവ് വി

വൈദ്യുതി ചാർജ്ജിനത്തിലുള്ള ആവർത്തന ചെലവിൽ കുറവ് വരുത്തുന്നതിനായി മീറ്ററിംഗ് സ
ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-18 ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹1 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 98/24 ഐ കെ എം ന് വിഹിതം നൽകൽ | 272/24 ഐ കെ എം മെമ്പർഷിപ |
| അടങ്കൽ | ₹102355 വികസനഫണ്ട് -പൊതുവിഭാഗം | ₹900000 വികസനഫണ്ട് -പൊള |
| ചെലവ് | ₹102355 ബിൽ നമ്പർ : 145/18-12-2023 | ₹900000 ബിൽ നമ്പർ : 384/25- |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യ
മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ
നൽകേണ്ടതുണ്ട്. ആയതിന്റ അടിസ്ഥാനത്തിൽ പ്രൊജക്ട് നമ്പർ 98/24 പ്രകാരം ₹102355 യും 27-
സ.ഉ(സാ.ധാ) നം .1952/2015/തസ്വഭവ, 5-3-2024 ലെ സ.ഉ(സാ.ധാ) നം .538/2024/തസ്വഭവ എന്നീ ഉ
പ്രകാരം 2013-14 മുതൽ 2015-16 വരെയുള്ള മെമ്പർഷിപ്പ് ഫീസായി പ്രൊജക്ട് നമ്പർ 272/24 പ്രകാരം ₹9
ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകകളുടെ വിനിയോഗസ
പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 12/7-11-24 നമ്പർ ഓഡിറ്റ് എൻക്വയറ
ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1002355 (102355+900000) യുടെ ചെലവ് തടസ്സപ്പെടുത്തുന

## 1-19 സ്ത്രീ പദവി പഠനം-തുടർ നടപടികൾ അറിയിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 195/24, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹405000 വികസന ഫണ്ട് , ജനറൽ |
| ചെലവ് | ₹124604 |
| തുക, ബിൽ നമ്പർ/ തീയതി (ACR പ്രകാരം) | ₹ 79470 ബിൽ നമ്പർ 343/24-03-24<br>₹ 17500 ബിൽ നമ്പർ 344/24-03-24<br>₹ 13570 ബിൽ നമ്പർ 45/27-06-23<br>₹ 14064 ബിൽ നമ്പർ 182/06-01-24<br>ആകെ : ₹124604 |

കോളയാട് ഗ്രാമ പഞ്ചായത്തിലെ സ്ത്രീപദവി പഠനം നടത്തി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കു
തയ്യാറാക്കിയ പ്രൊജക്ടാണിത്. സ്ത്രീകളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിന് വേണ്ടിയു
പ്രവർത്തനമാണ് സ്ത്രീപദവി പഠനം. സ്ത്രീകളുടെ അവസ്ഥ മനസ്സിലാക്കി അവർക്ക് വേണ്ടി വരും വ

പദ്ധതികൾ ഉണ്ടാക്കുകയാണ് പദ്ധതി ലക്ഷ്യം. ഇതിന് വേണ്ടി ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ നടം വാർഡുതല ടീമിന് പരിശീലനം നൽകുന്നതിനും വിവര ശേഖരണം, റിപ്പോർട്ട് ക്രോഡീകരണം എന്ന മേൽ പ്രകാരം ചെലവ് ചെയ്തിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വെ നടത്തുന്നതിന് ( നൽകുന്നതിനായി മീറ്റിംഗ് സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. തുടർപ്രവ( സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-20 ജെന്റർ റിസോർസ് സെന്ററിന് അധിക തുക ചെലവഴിച്ചു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
|---|---|---|
| പ്രോജക്ട് നമ്പർ/പേര് | 32/24 ജെന്റർറിസോർസ് സെന്റർ | 157/24 ജെന്റർറിസോർസ് സെന്റർ |
| അടങ്കൽ | ₹ 304000 വികസന ഫണ്ട് – ജനറൽ | ₹114832 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹ 33433 ബിൽ നമ്പർ : 29/16-06-2023<br>₹ 17000 ബിൽ നമ്പർ : 64/15-07-2023<br>₹ 17000 ബിൽ നമ്പർ : 91/08-11-2023<br>₹ 51000 ബിൽ നമ്പർ : 100/13-11-2023<br>₹17000 ബിൽ നമ്പർ : 137/13-12-2023<br>₹17000 ബിൽ നമ്പർ : 181/06-1-2024<br>₹17000 ബിൽ നമ്പർ : 224/09-2-2024<br>₹17000 ബിൽ നമ്പർ : 275/01-3-2024<br>ആകെ : ₹ 186433 | ₹17000 ബിൽ നമ്പർ : 4/06-05-2023 |

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (GO(MS) 84/2022/LSG Dt 19-04-2022) ഖണ്ഡിക 6.3.1 ജെന്റർറിസോർസ് സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യം ഉറപ്പ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് 1,00,000 രൂപയിൽ അധികമാകാ ചെലവഴിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് ന പ്രകാരം ₹86,433 ചെലവഴിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം 2022-23 സാമ്പത്തിക വർ പ്രോജക്ടിനായി ₹189168 യും 2023-24 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതിയിലുൾപ്പെടുത്തി ₹ 170 ആകെ 2,06,168 രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജ 157/24പ്രകാരം ₹ 106168 ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ല മറുപടിയിൽ സി ഡബ്ല്യൂ എഫിന് വേതനം നല്കുന്നതിനാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളതെന്നും ആയ( ഒരു ലക്ഷം രൂപയിൽ കൂടുതൽ ചെലവ് വന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രകാരം ജെന്റർറിസോർസ് സെന്ററിന് ഒരു ലക്ഷം രൂപ വരെ മാത്രമെ ചെലവഴിക്കാൻ അനുമതി ഉള്ളൂ. മാർഗ്ഗനിർദ്ദേശാനുസരണം പ്രോജക്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മെൻസ്ട്രുവൽ കപ്പ് മുഴുവനായും വിതരണം ചെയ്തില്ല. ₹58198 യുടെ ചെലവ് തടസ്സപ്പെട

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യ കേന്ദ്രം പെരുവ |
| പ്രൊജക്ട് നം., പേര് | 225/2024, മെൻസ്ട്രുവൽ കപ്പ് വിതരണം |

| | |
|---|---|
| അടങ്കൽ | ₹ 100000 (നിർമൽ പുരസ്കാർ വിഹിതം) |
